പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2178

08/03/2018 ൽ മറുപടിക്ക്

## തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ആനകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിൽ ഉള്ള ആനകളുടെ വിശദാംശങ്ങൾ നൽകുമോ; | (എ) | തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിൽ ഉള്ള ആനകളുടെ വിശദാംശങ്ങൾ അനുബന്ധം. 1 ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത ആനകളുടെ ക്ഷേമത്തിനും പരിപാലനത്തിനുമായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ; | (ബി) | ആനകളുടെ ക്ഷേമത്തിനും പരിപാലനത്തിനുമായി സ്വീകരിച്ചുവരുന്ന നടപടികൾ അനുബന്ധം 2 ആയി ചേർക്കുന്നു. |
| (സി) | ഉത്സവാദികാര്യങ്ങൾക്കും മറ്റും പ്രസ്തുത ആനകളെ വിട്ടുനൽകുന്നതിനുള്ള സേവന വേതന വ്യവസ്ഥകൾ വിശദമാക്കുമോ? | (സി) | ഉത്സവത്തോടനുബന്ധിച്ച് ആനയെ എഴുന്നള്ളിക്കുന്ന ദിവസം ഒന്നാം ആനശേവുകത്തിന് ദിവസം ഒന്നിന് 320/- രൂപയും ഡി എ യും രണ്ടാം ആനശേവുകത്തിന് 250/- രൂപ.യും ഡി. എ യും കൂടാതെ യാത്രാബത്ത ഇനത്തിൽ ഓരോ പത്ത് കിലോമീറ്ററിനും ഒന്നാം ആനശേവുകത്തിന് 320/- രൂപയും രണ്ടാം ആനശേവുകത്തിന് 250/- രൂപയും നൽകി വരുന്നു. സ്വകാര്യക്ഷേത്രങ്ങളുടെ ഉത്സവത്തിനും മറ്റ് ആവശ്യങ്ങൾക്കും ആനയെ വിട്ടു നൽകുമ്പോൾ ആനകളുടെ നിലവാരമനുസരിച്ച് വാടക ഈടാക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ

# Statement Showing the details of Elephants Owned by Travancore Devaswom Board – 2018

| Serial No | Name of elephant | Temples | Group |
|---|---|---|---|
| 1. | Shivasankaran | Parassala Mahadeva Temple | Neyyatinkara |
| 2. | Vallabhan | Malayinkeezh Sreekrishna Swami Temple | Neyyatinkara |
| 3. | Shivakumar | Sreekandeswaram Mahadeva Temple | Thiruvananthapuram |
| 4. | Dakshayani | Chengallur Sreemahadeva Temple | Thiruvananthapuram |
| 5. | Karthikeyan | Ulloor Sreebalasubramania Temple | Ulloor |
| 6. | Saraswathy | Varkkala Janardhanaswami Temple | Varkkala |
| 7. | Chandrasekharan | Sarkkara Sreebhagavathy Temple | Varkkala |
| 8. | Anjaneyan | Sarkkara Sreebhagavathy Temple | Varkkala |
| 9. | Kalidasan | Attingal Thiruvaratukavu Temple | Varkkala |
| 10. | Devanarayanan | Navayikkulam Sreesankaranaraya Temple | Varkkala |
| 11. | Velinallur Manikandan | Velinallur Temple | Kottarakkara |
| 12. | Shivaraju | Thrikkadavur Temple | Kollam |
| 13. | Neelakandan | Sasthamkotta Temple | Karunagappally |
| 14. | Punalur Uma | Bharanikkavu Temple | Punalur |
| 15. | Panmana Saravanan | Panmana Temple | Karunagappally |
| 16. | Chandrasekharan | Vettikkadu Temple | Karunagappally |
| 17. | Aadinadu Sudheesh | Aadinadu Sakthikulangara Temple | Karunagappally |
| 18. | Aadinadu Sanjayan | Aadinadu Sakthikulangara Temple | Karunagappally |
| 19. | Malayalappuzha Rajan | Malayalappuzha Temple | Aranmula |
| 20. | Oomellur Manikandan | Oomellur Temple | Aranmula |
| 21. | Unnikrishnsn | Mavelikkara Temple | Mavelikkara |
| 22. | Kandiyoor Premsankar | Kandiyoor Temple | Mavelikkara |
| 23. | Evoor Kannan | Evoor Temple | Harippad |
| 24. | Skandan | Harippad Temple | Harippad |
| 25. | Vijayakrishnan | Ambalappuzha Temple | Ambalappuzha |
| 26. | Balakrishnan | Multakkal Temple | Ambalappuzha |
| 27. | Thirunakkara Shivan | Thirunakkara Temple | Kottayam |
| 28. | Chirakkadavu Neelakandan | Chirakkadavu Temple | Mundakkayam |
| 29. | Cheruvally Kusumam | Cheruvally Temple | Mundakkayam |
| 30. | Jayarajan | Thiruvalla Temple | Thiruvalla |

നാട്ടാനകളുടെ പരിപാലനം കാര്യക്ഷമമാക്കുന്നതിനും, അവയ്ക്കു നേരെ ഉണ്ടാകുന്ന ക്രൂരതകൾ അവസാനിപ്പിക്കുന്നതിനുമായി ബഹുമാനപ്പെട്ട സുപ്രീംകോടതി സൂചനയിൽ പരമാർശിക്കുന്ന ഉത്തരവിൽ കർശനമായ മാർഗ്ഗനിർദേശങ്ങൾ പുറപ്പെടുവിച്ചിരിക്കുകയാണ്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം എല്ലാ ജില്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്കും അയയ്ക്കുന്നു. ഉത്തരവിൽ പറയുന്ന പ്രധാന നിർദേശങ്ങൾ താഴെ പറയുന്നവയാണ്.

1.2012-ലെ കേരള നാട്ടാന പരിപാലന ചട്ടങ്ങളിൽ പറയുന്ന വ്യവസ്ഥകൾ പൂർണ്ണമായും പാലിക്കുന്നതിന് വേണ്ട നടപടികൾ കൈകൊള്ളേണ്ടതാണ്.

2. ഓരോ ആനകൾക്കും പ്രത്യേകം ഡേറ്റാ ബുക്കുകൾ ചീഫ് ലൈഫ് വാർഡൻ നിർദേശിക്കുന്നരീതിയിൽ പരിപാലിക്കേണ്ടതാണ്.

3. നാട്ടാന പരിപാലന ചട്ടങ്ങളിലെ പത്താം ചട്ടത്തിൽ പ്രതിപാദിക്കുന്ന പ്രകാരം ഓരോ ജില്ലയിലും നാട്ടാന പരിപാലനം ഉറപ്പുവരുത്തുന്നതിനായി രൂപീകരിച്ചിട്ടുള്ള ജില്ലാ കമ്മിറ്റി മുമ്പാകെ എല്ലാ ആനകൾക്കും രജിസ്ട്രേഷൻ എടുത്തിരിക്കേണ്ട താണ്. ഈ നടപടി ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവ് തീയതി മുതൽ ആറാഴ്ചക്കകം നടപ്പിലാക്കേണ്ടതാണ്.

4.ഓരോ ദേവസ്വത്തിലും നടക്കുന്ന ഉത്സവങ്ങൾക്ക് എത്ര ആനകളെ പങ്കെടുപ്പി ക്കുന്നു എന്നുള്ള വിവരം ജില്ലാ കമ്മിറ്റികളെ രേഖാമൂലം അറിയിച്ചിരിക്കണം.

5.ഉത്സവത്തിനായി ആനകളെ അണിനിരത്തുമ്പോൾ ഓരോ ആനയെയും മതിയായ അകലത്തിൽ മാത്രമേ നിർത്തുവാൻ പാടുള്ളു.

6.മദപ്പാട് ലക്ഷണമുള്ള ആനകളെ ഒരു കാരണവശാലും എഴുന്നള്ളിപ്പിന് ഉപയോ ഗിക്കുവാൻ പാടുള്ളതല്ല.

7. മുള്ളുകൾ ഉപയോഗിച്ചുള്ള ചങ്ങലകൾ ആനയ തളയ്ക്കാൻ ഉപയോഗിക്കുവാൻ പാടുള്ളതല്ല.

8.അസുഖം ബാധിച്ചതോ മുറിവ് പറ്റിയതോ ഗർഭിണി ആയതോ ആയ ആനകളെ ഉത്സവങ്ങൾക്ക് യാതൊരുകാരണവശാലും ഉപയോഗിക്കുവാൻ പാടുള്ളതല്ല.

9.ടാറിട്ട റോഡിൽ കൂടി ഉച്ച വെയിലത്ത [illegible] ൽ നേരം വിശ്രമം ഇല്ലാത്ത വി[illegible] ആനകളെ നടത്തുവാൻ പാടുള്ളതല്ല.

10.ആനകളുടെ സമീപം വെച്ച് പടക്കങ്ങൾ പൊട്ടിയ്ക്കുവാൻ പാടുള്ളതല്ല.

11. തീവെട്ടി ഉപയോഗിക്കുമ്പോൾ ആനയിൽ നിന്ന് നിശ്ചിത അകലം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

12.ആനകളെ സൂര്യതാപം എൽക്കാത്ത രീതിയിൽ നിർത്തുന്നതിനാവശ്യമായ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

13. ഉത്സവത്തിനായി ഉപയോഗിക്കുന്ന ആനകളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിന് ഉത്സവ കമ്മറ്റി വോളണ്ടിയർമാരെ ഏർപ്പെടുത്തേണ്ടതാണ്.

14. അഞ്ചോ അതിൽ കൂടുതലോ ആനകളെ ഉത്സവത്തിന് ഉപയോഗിക്കുമ്പോൾ വെറ്റിനറി ഡോക്ടറുടെ സേവനം നിർബന്ധമാക്കേണ്ടതാണ്.

15.ഉത്സവ ഘോഷയാത്ര നടത്തുന്നതിന് എഴുപത്തി രണ്ട് മണിക്കൂർ മുമ്പായി അടുത്തുള്ള പോലീസ് സ്റ്റേഷൻ ഫോറസ്റ്റ് റേഞ്ച് ഓഫീസ്, എന്നിവിടങ്ങളിൽ ഘോഷയാത്ര സംബന്ധി ച്ചുള്ള വിവരം രേഖാമൂലം അറിയിച്ചിരിക്കേണ്ടതാണ്.

16.ഘോഷയാത്ര സമയത്ത് ആനകൾക്ക് മേൽ ചങ്ങലയും ഇടചങ്ങലും ധരിപ്പിച്ചിരിക്കേണ്ടതാണ്.

17.ഘോഷയാത്ര സമയത്ത് ആനകളെ കൈകാര്യം ചെയ്യുന്ന പാപ്പാൻമാർ യാതൊരുകാരണവശാലും മദ്യപിക്കുവാൻ പാടുള്ളതല്ല.

18.പറ എഴുന്നള്ളത്തിന് ആനകളെ ഉപയോഗിക്കുമ്പോൾ അവയ്ക്ക് മതിയായ വിശ്രമം നൽകേണ്ടതാണ്. രാവിലെ 6 മണി മുതൽ 11 മണിവരെയും, വൈകുന്നേരം 4 മണി മുതൽ 8 മണിവരെയും മാത്രമേ പറ എഴുന്നള്ളത്തിന് ആനകളെ ഉപയോഗിക്കുവാൻ പാടുള്ളൂ.

19.രാത്രിയിൽ ഘോഷയാത്രയ്ക്കായി ആനകളെ ഉപയോഗിക്കുമ്പോൾ വൈദ്യുതി വിതരണം തടസ്സം ഉണ്ടാകാവുന്നതിന്റെ മുൻ കരുതൽ എന്നോളം ജനറേറ്റർ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

20.എല്ലാ ആനകൾക്കും മൂന്ന് ലക്ഷം രൂപയുടെ പബ്ളിക്ക് ലയബിലിറ്റി ഇൻഷുറൻസ് എടുത്തിരിക്കേണ്ടതാണ്.

മേൽപ്പറഞ്ഞ കാര്യങ്ങൾ പ്രാവർത്തികമാക്കുന്നതിന് ഗ്രൂപ്പിന് കീഴിലുള്ള എല്ലാ ഉദ്യോഗസ്ഥൻമാർക്കും ആനപാപ്പാൻമാർക്കും ആവശ്യമായ നിർദേശങ്ങൾ നൽ കേണ്ടതാണ്. സമയപരിധിക്കുള്ളിൽ നടപ്പിലാക്കേണ്ട ഉത്തരവുകൾ യഥാസമയം തന്നെ പാലിച്ചു എന്നും ഉറപ്പുവരുത്തേണ്ടതാണ്.